## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2097**
**16.08.2017 ലെ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസിലെ ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ.കെ.യു. അരുണൻ | | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം.തോമസ് ഐസക്** |
| എ | സംസ്ഥാനത്ത് നടന്ന ദേശീയ ഗെയിംസിലെ ക്രമക്കേടുകളെക്കുറിച്ച് ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ തുടരന്വേഷണം നടത്തുകയുണ്ടായോ; | 35-മത് ദേശീയ ഗെയിംസിന്റെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ നടന്നതായി പ്രത്യേക പരാമർശമില്ലെങ്കിലും 24.89 കോടി രൂപയുടെ അധിക നഷ്ടം/പാഴ്ചെലവ് ഉണ്ടായതായി ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിന്മേലുള്ളകായിക യുവജനകാര്യവകുപ്പിന്റെ നടപടി റിപ്പോർട്ടിന്മേൽ ആഡിറ്റ് ഡയറക്ടർ തുടർ പരാമർശങ്ങൾ 16.08.2017 -ലെ കത്തു പ്രകാരം കായിക യുവജനകാര്യവകുപ്പിന് നൽകിയിട്ടുണ്ട്. അതിന്മേൽ തുടർനടപടി കൈക്കൊള്ളേണ്ടതുണ്ട്. |
| ബി | എങ്കിൽ എത്ര രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | |
| സി | ഏതൊക്കെ ഉദ്യോഗസ്ഥരിലാണ് ബാധ്യത ചുമത്തിയിട്ടുള്ളതെന്നും എത്ര തുക വീതമാണ് ചുമത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | |
| ഡി | ഏതൊക്കെ ഇനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; ക്രമക്കേടുകളെക്കുറിച്ച് വിശദമായി അന്വേഷിക്കാൻ വിജിലൻസിനെയോ മറ്റേതെങ്കിലും ഏജൻസിയെയോ ചുമതലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ? | ദേശീയ ഗെയിംസ് നടത്തിപ്പിൽ അഴിമതി നടന്നതായി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിയിന്മേൽ സി.ബി.ഐ അന്വേഷണം നടത്താൻ ബഹു.കോടതി ഉത്തരവായതായും, സി.ബി.ഐ വിശദമായ പരിശോധനകൾക്കുശേഷം ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ അഴിമതി നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ആഡിറ്റ് ഡയറക്ടർ 16.08.2017-ൽ കായിക യുവജനകാര്യവകുപ്പിൽ സമർപ്പിച്ച തുടർ പരാമർശങ്ങൾ പരിശോധിച്ച് നടപടി കൈക്കോള്ളേണ്ടതുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ